# Malayala Manorama

## 18 June 2018

## Aroor: Andhakaranazhy , Closed, heavy rain



അഴി തുറന്നതിൽ അപാകതയെന്ന്

# അന്ധകാരനഴി അടഞ്ഞു; കിഴക്കൻ മേഖല മുങ്ങി

അരൂർ ● യന്ത്രസഹായത്തോടെ കഴിഞ്ഞ ദിവസം തുറന്ന അന്ധകാരനഴി മണ്ണു വന്നു വീണ്ടും അടഞ്ഞു. ഇതേ തുടർന്ന് കിഴക്കൻ മേഖലകളിൽ വെള്ളക്കെട്ട് രൂക്ഷമായി. സ്പിൽവേ ഷട്ടറുകൾ അടച്ചതു മൂലം ശക്തമായ തിരമാലയെ തുടർന്നു മണ്ണുവന്നടിഞ്ഞ നിലയിലായിരുന്നു

അന്ധകാരനഴി. കലക്ടറുടെ നിർദേശത്തെ തുടർന്നാണ് കഴിഞ്ഞ ദിവസം ഇറിഗേഷൻ വകുപ്പ് രണ്ടു മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് അഴിയുടെ ഒരു ഭാഗം തുറന്നത്. എന്നാൽ മണിക്കൂറുകൾക്കുള്ളിൽ ശക്തമായ തിരമാലയെ തുടർന്ന് അഴി അടയുകയായിരുന്നു.

അഴി തുറക്കുന്നതിലെ അപാകതയാണ് അഴി പെട്ടെന്നടയാൻ കാരണമായതെന്ന് സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ ആരോപിച്ചു.

എല്ലാവർഷവും ചെയ്യുന്നതു പോലെ ഏതെങ്കിലും ഒരു അരികു് വശം ചേർന്നു തുറക്കേണ്ട അഴിയുടെ നടുഭാഗമാണ് ഇത്തവണ തുറക്കാൻ ശ്രമിച്ചതെന്നും നേതാക്കൾ പറഞ്ഞു.

വെള്ളക്കെട്ടു മൂലം ദുരിതം അനുഭവിക്കുന്ന ചെല്ലാനം, കുത്തിയതോട്, തുറവൂർ, എഴുപുന്ന പഞ്ചായത്ത് പ്രദേശങ്ങളെ സംരക്ഷിക്കണമെന്നും അഴി അടിയന്തരമായി തുറക്കുവാനുള്ള നടപടി ഉണ്ടാകണമെന്നും ഫെഡറേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.